പുതിയ കോടതികൾ ആരംഭിക്കുവാൻ നടപടി

63. [827] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതികളിലെ കേസുകളുടെ ബാഹുല്യവും നീതി ലഭിക്കാനുള്ള കാലതാമസവും പരിഗണിച്ച് മലയോര മേഖലയിൽ പുതിയ സിവിൽ ക്രിമിനൽ കോടതികൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണിക്കുമോ ;

(ബി) ശ്രീകണ്ഠപുരം ആസ്ഥാനമായി ഒരു ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഹൈക്കോടതി അംഗീകരിച്ച കോടതികളുടെ മുൻഗണനാ ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) പുതിയ കോടതികൾ സ്ഥാപിക്കുന്നത് ഹൈക്കോടതിയുടെ തീരുമാനം അനുസരിച്ചാണ്. പുതിയ കോടതികൾ സ്ഥാപിക്കുന്നതിന് എല്ലാ പ്രദേശങ്ങളുടേയും പ്രതിനിധാനം പരിഗണിക്കാറുണ്ട്.

(ബി) ശ്രീകണ്ഠപുരത്ത് ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുവദിക്കണമെന്ന ആവശ്യം സർക്കാർ പുറപ്പെടുവിച്ച മുൻഗണനാ പട്ടികയിൽ പതിനൊന്നാമത് ഇനമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബന്ധപ്പെട്ട സർക്കാർ ഉത്തരവ് 26-7-2004-ലെ ജി.ഒ. (ആർ.റ്റി) 1642/04/ഹോം അനുബന്ധമായി വച്ചിട്ടുണ്ട്. †

വീഡിയോ കോൺഫറൻസിംഗ് സൗകര്യം

64. [828] ശ്രീ. കോവൂർ കുഞ്ഞുമോൻ

,, എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് കോടതികൾ, ജയിലുകൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സംവിധാനം നടപ്പിലാക്കുന്നതിനായി എന്ത് തുക നീക്കിവെച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) എത്ര രൂപ ഇതിനകം ചെലവിട്ടു കഴിഞ്ഞു ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എന്തൊക്കെ സംവിധാനങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) എന്നത്തേക്ക് ഈ സംവിധാനം പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആദ്യഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ കോടതികളും ജയിലുകളുമായും തുടർന്ന് കണ്ണൂർ, വിയ്യൂർ (തൃശ്ശൂർ) എന്നിവിടങ്ങളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സംവിധാനം തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്നതിനായി 64,88,250 രൂപ (അറുപത്തി നാല് ലക്ഷത്തി എൺപത്തി എണ്ണായിരത്തി ഇരുന്നൂറ്റി അൻപത് രൂപ) അനുവദിച്ചിട്ടുണ്ട്.

(സി) തുകയൊന്നും ഇതുവരെ ചെലവഴിച്ചിട്ടില്ല.

(ഡി) വീഡിയോ കോൺഫറൻസിംഗ് യൂണിറ്റുകളുടെ സ്ഥലപരിശോധന പൂർത്തിയാക്കി, എസ്റ്റിമേറ്റ് കേരളാ പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കി വരുന്നു. മറ്റു പ്രവർത്തനങ്ങൾ നാഷണൽ ഇൻഫോർമാറ്റിക് സെന്ററിനെ ഏൽപ്പിച്ചിട്ടുണ്ട്.

(ഇ) നടപ്പ് സാമ്പത്തിക വർഷം തന്നെ ഈ സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ക്രിമിനൽ കേസുകൾ പിൻവലിച്ച നടപടി

65. [829] ശ്രീ. കെ.കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2005 മേയ് 31 വരെ യു.ഡി. എഫ് പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇതേ കാലയളവിൽ എൻ.ഡി.എഫ് പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(ഡി) 2004 ആഗസ്റ്റ് 31 നുശേഷം യു.ഡിഎഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly